പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.783

27.04..2017 ന് മറുപടിയ്ക്ക്.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ യുടെ വികസനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ യുടെ വികസനത്തിനും അന്താരാഷ്ട്ര നിലവാര സൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ സൗകര്യങ്ങളാണ് ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ യിൽ ഏർപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കി വരുന്നു. |
| (സി) ഐ.ടി.ഐ യിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടം പുതുക്കി പണിയുന്നതിനും സ്റ്റാഫിനായി പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ